**TCPKLM/472/2022-C**

"ഭരണഭാഷ മാതൃഭാഷ"

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്
ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം
ജില്ലാ ആസൂത്രണ സമിതി മന്ദിരം
മൂന്നാം നില, കൊല്ലം കച്ചേരി പി.ഓ,
കൊല്ലം 691013
തീയതി 18-10-2022
ഫോൺ നമ്പർ : 0474-2742062
Email. tpklm.lsgdplng@kerala.gov.in

ടൗൺ പ്ലാനർ
കൊല്ലം

സെക്രട്ടറി
കൊല്ലം കോർപ്പറേഷൻ

സർ,

വിഷയം: തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കൊല്ലം -കൊല്ലം കോർപ്പറേഷൻ -കെട്ടിട നിർമ്മാണ അനുമതി -കൺകറൻസ് നൽകുന്നത്- സംബന്ധിച്ച്

സൂചന: താങ്കളുടെ 29.08.2022 ലെ SZ/TP/BR/95/22-23 നമ്പർ കത്ത്.

മേൽ സൂചന പ്രകാരം കൊല്ലം കോർപ്പറേഷനിൽ, ശക്തികുളങ്ങര വില്ലേജിൽ 274/12 സർവ്വേ നമ്പരായുള്ള സ്ഥലത്ത് 55.31$M^2$ വിസ്തൃതിയിൽ വാസഗൃഹം നിർമ്മിക്കുന്നതിനായി **ശ്രീ. അജിത് M, ശ്രീമതി. വിഷ്ണ ലേഖ, വേന്യർ വടക്കതിൽ, കന്നിമേൽ ചേരി** എന്നിവർ സമർപ്പിച്ച അപേക്ഷയിൽ താഴെപറയുന്ന നിബന്ധനകളോടെ കൺകറൻസ് നൽകുന്നു.

<u>നിബന്ധനകൾ</u>

1. KMBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച് രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെന്നും സെക്രട്ടറി ഉറപ്പാക്കണം
2. നിർദിഷ്ട നിർമ്മാണം KMBR 2019 -നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
3. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ

തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

4. പ്രസ്തുത നിർമ്മാണം, ഉപയോഗം എന്നിവ പ്ലോട്ടിനോട് ചേർന്നുള്ള ജലസ്രോതസ്സിനെ കൈയ്യേറുന്നില്ലെന്നും മലിനപ്പെടുത്തുന്നില്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്.
5. നിർദ്ദിഷ്ട പ്ലോട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിക്കണം.

മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് മാത്രമാണ് ഈ ഉത്തരവ് പ്രകാരം നൽകുന്നത്. ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ നിർമ്മാണ/ വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

വിശ്വസ്തതയോടെ

ഉള്ളടക്കം: അംഗീകരിച്ച പ്ലാൻ

DESPATCHED
Dt.21/10/2022

TOWN PLANNER

പകർപ്പ്:

ശ്രീ. അജിത് M, ശ്രീമതി. വിഷ്ണു ലേഖ,
വേന്പർ വടക്കതിൽ,
കന്നിമേൽ ചേരി,
മരത്തടി പി.ഒ,
കൊല്ലം